**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 954** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനാതിർത്തികളിലെ വന്യജീവി ആക്രമണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വനാതിർത്തികളിൽ താമസിക്കുന്നവർ നേരിടേണ്ടി വരുന്ന വന്യജീവി ആക്രമണവും കൃഷി നശിപ്പിക്കലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്<br><br>കാലാവസ്ഥാ വ്യതിയാനം, ആവാസ വ്യവസ്ഥയുടെ തുടർച്ചനഷ്ടമാകൽ, വിദേശ അധിനിവേശ സസ്യങ്ങളുടെ വ്യാപനം തുടങ്ങിയ വിവിധ കാരണങ്ങളാലാണ് മനുഷ്യ-വന്യമൃഗ സംഘർഷം ഉണ്ടാകുന്നത്. കാട്ടാന, കാട്ടുപോത്ത്, കാട്ടുപന്നി, കടുവ, പുള്ളിപുലി മുതലായ വന്യമൃഗങ്ങൾ മൂലമാണ് കൂടുതലും സംഘർഷം ഉണ്ടാകാറുള്ളത്. വനാതിർത്തികളിൽ ഉണ്ടാകുന്ന മനുഷ്യ-വന്യമൃഗ സംഘർഷം പരമാവധി ലഘൂകരിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചു വരുന്നു. വന്യജീവികൾ ജനവാസ മേഖലകളിലേക്ക് ഇറങ്ങുന്നത് തടയുന്നതിനായി സൗരോർജ്ജ വേലികൾ, ആനക്കിടങ്ങുകൾ തുടങ്ങിയവ നിർമ്മിച്ചു പരിപാലിച്ചുവരുന്നു. വന്യജീവി സംഘർഷം മൂലം നഷ്ടം സംഭവിക്കുന്നവർക്ക് വനം വകുപ്പ് ചട്ടപ്രകാരം നഷ്ടപരിഹാരവും ചികിത്സാ ധനസഹായവും സമാശ്വാസ ധനസഹായവും നൽകിവരുന്നു. |
| (ബി) | ഇതിൽ നിന്നും ജനങ്ങളെ രക്ഷിക്കാനും, കൂടാതെ വന്യജീവികളെ സംരക്ഷിക്കാനുമായുള്ള മാസ്റ്റർപ്ലാൻ നടപ്പിലാക്കൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വിവിധ വികസന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന-കേന്ദ്ര ഫണ്ടുകൾ ഉപയോഗിച്ചാണ് മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കുന്നത്. കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനു വേണ്ടി അഞ്ച് വർഷ കാലയളവിലേക്ക് 620 കോടിയുടെ ഒരു പദ്ധതി തയ്യാറാക്കി 07/02/2024-ൽ കേരള വനം, റവന്യൂ വകുപ്പ് മന്ത്രിമാർ നേരിട്ട് കേന്ദ്ര വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.<br><br>കൂടാതെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരണത്തിനായി കിഫ്ബി മുഖേന 110 കോടി രൂപ അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട് . വനത്തിനകത്ത് ചെക്ക് ഡാമുകൾ, വാച്ച് ടവറുകൾ എന്നിവ |

| | | | |
|---|---|---|---|
| | | | നിർമ്മിക്കുന്നതിനും ജനവാസ മേഖലകളിൽ സൗരോർജ്ജ വിളക്കുകളും ഹൈമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്നതിനും നിലവിലുള്ള വന്യജീവി റെസ്ക്യൂ സെന്ററുകൾ, ഹോസ്പൈസ് എന്നിവടങ്ങിൽ മെച്ചപ്പെട്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും ഡ്രോണുകളും തെർമൽ സെൻസർ ഡ്രോണുകളും AI ക്യാമറകൾ, റേഡിയോ കോളറുകൾ, എന്നിവ വാങ്ങുന്നതിനും സംസ്ഥാനത്തെ വന്യജീവി സംഘർഷം രൂക്ഷമായ പ്രദേശങ്ങളിൽ പ്രവർത്തിച്ചു-വരുന്ന ആർ.ആർ.ടി. കളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി തോക്കുകൾ, ട്രാങ്കുലൈ-സറുകൾ, കൂടുകൾ, നൈറ്റ്‌വിഷൻ ക്യാമറകൾ, ടോർച്ച് ലൈറ്റുകൾ, മൊബൈൽ സ്പീക്കറുകൾ എന്നിവ വാങ്ങുന്നതിനും വനപ്രദേശങ്ങളിൽ നിന്നും സ്വയം സന്നദ്ധ പുനഃരധിവാസ പദ്ധതി മുഖേന മെച്ചപ്പെട്ട സ്ഥലങ്ങളിൽ സ്വയം മാറിപ്പോകുന്നതിന് സഹായധനം വിതരണം ചെയ്യുന്നതിനുമായിട്ടാണ് ടി തുക വകയിരുത്തിയിട്ടുള്ളത്. |
| (സി) | കഴിഞ്ഞ 5 വർഷ കാലയളവിൽ ഓരോ വർഷവും എത്ര വന്യജീവി ആക്രമണങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ ആക്രമണത്തിന് ഇരയായി; എത്ര ജീവഹാനി സംഭവിച്ചു; എത്ര ഹെക്ടർ കൃഷി നശിപ്പിച്ചു; വിശദാംശം ലഭ്യമാക്കുമോ? | (സി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ നടന്ന മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

**കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ നടന്ന മനുഷ്യ-വന്യമൃഗ സംഘർഷത്തിന്റെ വിശദാംശങ്ങൾ**

| വർഷം | മനുഷ്യ-വന്യമൃഗ സംഘർഷങ്ങളുടെ എണ്ണം | കൃഷി നാശവും സ്വത്ത് നാശവും (എണ്ണം) | കൃഷി നാശം (ഹെക്ടർ)* | പരിക്കേറ്റവരുടെ എണ്ണം | ജീവഹാനി സംഭവിച്ചവരുടെ എണ്ണം |
|---|---|---|---|---|---|
| 2019-20 | 6,341 | 5,550 | 371.37 | 699 | 92 |
| 2020-21 | 7,617 | 6,541 | 402.1675 | 988 | 88 |
| 2021-22 | 7,452 | 6,580 | 373.447 | 758 | 114 |
| 2022-23 | 8,236 | 6,863 | 355.2389 | 1,275 | 98 |
| 2023-24 | 9,838 | 8,141 | 204.2495 | 1,603 | 94 |
| **ആകെ** | **39,484** | **33,675** | **1,706.473** | **5,323** | **486** |

*ഭൂരിഭാഗം വിളകൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നത് നശിപ്പിക്കപ്പെട്ട വിളകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ആയതിനാൽ കൃഷി ഭൂമിയുടെ കൃത്യമായ വിസ്തൃതി ലഭ്യമല്ല.